## മഴവെള്ള സംഭരണ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾക്കും, വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും സാമ്പത്തികസഹായം.

സംസ്ഥാന സർക്കാരിന്റെവാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന മഴവെള്ള സംഭരണം- ഭൂജല പരിപോഷണം" പരിപാടിപ്രകാരം2017-18 വർഷത്തിൽ സാമ്പത്തികസഹായംലഭിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

ജലവിഭവ വകുപ്പിന്റെ ഭാഗമായകേരളറൂറൽവാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന 'മഴകേന്ദ്രം'മുഖേനയാണ്ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം വ്യക്തിഗത കുടുംബങ്ങളിലും, സർക്കാർ/എയ്ഡഡ്വിദ്യാലയങ്ങളിലുംമഴവെള്ള സംഭരണികളുടെ നിർമാണം, ഗ്രാമപഞ്ചായത്തുകളിൽ മാതൃകമഴവെള്ള സംഭരണികളുടെ നിർമാണം, കിണർറീചാർജജിംഗ്, പൊതുസ്ഥാപനങ്ങളിലെ നിലവിലുള്ളമഴവെള്ള സംഭരണികളുടെഅറ്റകുറ്റപണികൾഎന്നിവയാണ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്കും, വിദ്യാലയങ്ങൾക്കും, മഴവെള്ളസംഭരണികളുടെഅറ്റകുറ്റപണികൾ ആവശ്യമുള്ള പൊതുസ്ഥാപനങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യത്തിനായിഅപേക്ഷിക്കാവുന്നതാണ്. വ്യക്തിഗതമഴവെള്ളസംഭരണികളുടെ നിർമാണം, കിണർറീചാർജജിംഗ്, മാതൃകമഴവെള്ള സംഭരണിയുടെ നിർമാണംഎന്നീ പരിപാടികളുടെ ആനുകൂല്യംആവശ്യമുള്ള ഗ്രാമപഞ്ചായത്തുകൾ അപേക്ഷയോടൊപ്പം ഭരണസമിതിയുടെതീരുമാനവുംകൂടിസമർപ്പിക്കേണ്ടതാണ്.നിലവിലുള്ളമഴവെള്ള സംഭരണികളുടെഅറ്റകുറ്റപണികൾ ആവശ്യമുള്ള പൊതുസ്ഥാപനങ്ങൾക്കും, മഴവെള്ള സംഭരണിആവശ്യമുള്ളവിദ്യാലയങ്ങൾക്കും നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

10000 ലിറ്റർശേഷിയുള്ളമഴവെള്ളസംഭരണികൾ ഗുണഭോക്തൃവിഹിതംസമാഹരിച്ച് പങ്കാളിത്താധിഷ്ഠിതമാതൃകയിലാണ് നടപ്പിലാക്കുന്നത്. മലയോര-തീരദേശ ഗ്രാമപഞ്ചായത്തുകൾക്ക്ഇക്കാര്യത്തിൽമുൻഗണന ലഭിക്കുന്നതാണ്. ഇതിനോടകം പ്രസ്തുത പദ്ധതിയുടെ സഹായംലഭിച്ച ഗ്രാമപഞ്ചായത്തുകൾ / വിദ്യാലയങ്ങൾ ഈ പദ്ധതി പ്രകാരംഅപേക്ഷിക്കേണ്ടതില്ല. ലഭിക്കുന്ന അപേക്ഷകൾ മാനദണ്ഡങ്ങൾക്ക്വിധേയമായിതെരഞ്ഞെടുക്കുന്നതാണ്. അപേക്ഷിക്കേണ്ട അവസാന തീയതി 2017 ജൂൺ 5, 5.00 മണിയ്ക്ക്. വിലാസം - എക്സിക്യൂട്ടീവ്ഡയറക്ടർ, കെ.ആർ.ഡബ്ല്യു.എസ്.എ, മഴകേന്ദ്രം, പി.ടി.സി. ടവർ, മൂന്നാംനില, എസ്.എസ്. കോവിൽറോഡ്, തമ്പാനൂർ, തിരുവനന്തപുരം - 1.കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471-2320848, 2337003, 9447829049, ഇമെയിൽ - www.jalanidhi.kerala.gov.in

എക്സിക്യൂട്ടീവ്ഡയറക്ടർ
കെ.ആർ.ഡബ്ല്യു.എസ്.എ